പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3145 — 20.06.2014 ലെ മറുപടിയ്ക്ക്

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്

ചോദ്യം

ശ്രീ. എം. ഉമ്മർ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് ഏത് വർഷത്തെ കാലാവസ്ഥയെ അടിസ്ഥാനമാക്കിയാണ്; വിശദമാക്കാമോ;

**(ബി)** കാലാവസ്ഥാ വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അടിസ്ഥാന വർഷത്തെ പുനർനിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; കൂടുതൽ വിളകൾ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ;

**(എ) & (ബി)** കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ഏതെങ്കിലും ഒരു വർഷത്തെ കാലാവസ്ഥയെ അടിസ്ഥാനമാക്കി അല്ല നടപ്പിലാക്കുന്നത്. ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉത്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാഘടകങ്ങളുടെ ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി ഉത്പാദന നഷ്ടം സംഭവിക്കുന്നു. ഓരോ വിളകൾക്കും ഉൽപാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് മാനദണ്ഡമാകുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന, താപനിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കാലം തെറ്റിയുള്ള മഴ/അധിവൃഷ്ടി, ശക്തിയായ കാറ്റ്, രോഗകീടാക്രമണ സാധ്യതയുള്ള കാലാവസ്ഥ, തുടർദിവസങ്ങളിലുള്ള മഴ എന്നിവയ്ക്കാണ് പരിരക്ഷ നൽകുന്നത്. ഇൻഷ്വറൻസ് പരിരക്ഷാ കാലാവധി ഓരോ വിളയ്ക്കും നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 130 സൂചനാ കാലാവസ്ഥാ നിലയങ്ങൾ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പദ്ധതിപ്രകാരം കാലാവസ്ഥാനിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പൊതുമേഖലയിലുള്ള അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച 2008-09 വർഷം റാബി സീസണിൽ നെല്ല്, കശുമാവ്, മാവ് എന്നീ മൂന്ന് വിളകൾക്കാണ് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നത്. 2013-14 വർഷമായപ്പോഴേയ്ക്കും ഖാരിഫ് സീസണിൽ 10 വിളകൾക്കും (നെല്ല്, വാഴ, കുരുമുളക്, കരിമ്പ്, മഞ്ഞൾ, ഇഞ്ചി, ഏലം, തെങ്ങ്, പൈനാപ്പിൾ, കമുക്) റാബി സീസണിൽ 5 വിളകൾക്കും (നെല്ല്, വാഴ, കരിമ്പ്, കശുമാവ്, മാവ്) ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുകയുണ്ടായി.

**(സി)** ഖാരിഫ്-റാബി സീസണുകളിൽ കേരളത്തിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നതിനാൽ സംസ്ഥാന കാലാവസ്ഥയ്ക്ക് അനുയോജ്യമായി വിള ഇൻഷ്വറൻസിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

**(സി)** പരിശോധിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ.